# അനുബന്ധം

## <u>തദ്ദേശസ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>

കേന്ദ്ര സർക്കാരിന്റെ D.G.S&D റേറ്റ് കോൺട്രാകറ്റ് ഉള്ള കമ്പ്യൂട്ടർ കമ്പനികളിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങേണ്ടത്. ഉപകരണങ്ങൾ നൽകിയതിനുശേഷം വാറന്റി കാലയളവിൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ തദ്ദേശസ്ഥാപനങ്ങൾ Keltron Communication Ltd. (Manvila, Thiruvananthapuram. Ph: 9447204933) -ൽ നിന്നും ഉപകരണങ്ങൾ വാങ്ങേണ്ടതാണ്. നിലവിലുള്ള 2006–2007 –ലെ റേറ്റ് കോൺട്രാക്റ്റിന്റെ കാലാവധി 2007 ജൂൺ 30 ന് അവസാനിക്കുന്നതിനാൽ അതിനുമുമ്പ് ഈ കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകേണ്ടതാണ്. (സാമ്പിൾ ഓർഡറുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു).

### <u>ഐ.കെ.എം. സെർവർ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയ ഗ്രാമ പഞ്ചായത്തുകൾ</u>

ഐ.കെ..എം. സെർവർ കമ്പ്യൂട്ടർ, ഒരു പ്രിന്റർ, മോഡം, ഇതർനെറ്റ് സ്വിച്ച്, എന്നിവ ലഭ്യമാക്കിയ തദ്ദേശസ്ഥാപനങ്ങൾക്ക് താഴെ പറയുന്ന ഉപകരണങ്ങൾ റേറ്റ് കോൺട്രാക്റ്റ് പ്രകാരം ആവശ്യാനുസരണം അധികമായി വാങ്ങാവുന്നതാണ്.

| ക്രമ നമ്പർ | ഡി. ജി. എസ് & ഡി ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|---|
| 1 | 1, 29 | ഡെസ്ക്ടോപ് ക്ലയിന്റ് കമ്പ്യൂട്ടർ | ഗ്രാമപഞ്ചായത്തുകളിൽ ആദ്യഘട്ടത്തിൽ 2 മുതൽ 5 വരെ ആവശ്യാനുസരണം ഇപ്പോൾ ലഭ്യമായ ഉപയോഗ്യമായ കമ്പ്യൂട്ടറുകൾ ഉൾപ്പടെ . ബ്ലോക്ക് പഞ്ചായത്തുകൾ : 2 മുതൽ 5 വരെ, ഇപ്പോൾ ലഭ്യമായവ കൂടാതെ<br>മുനിസിപ്പാലിറ്റി : ഐ.കെ.എം. ന്റെ പ്രപ്പോസൽ പ്രകാരം ( ഇപ്പോൾ ഉള്ളവ ഉൾപ്പെടെ )<br>ജില്ലാ പഞ്ചായത്ത് : സർക്കാർ സർക്കുലർ 568/DP1/07/LSGD Dtd: 27/1/2007 പ്രകാരം<br>കോർപ്പറേഷൻ : ഐ.കെ.എം. ന്റെ പ്രപ്പോസൽ പ്രകാരം ( ഇപ്പോൾ ഉള്ളവ ഉൾപ്പെടെ ) |
| 2. | 159 | പ്രിന്റർ – 80–കോളം, 24–പിൻ, ഡോട്ട് മാട്രിക്സ് | ഡെസ്ക്റ്റോപ്പ് / ക്ലയന്റ് കമ്പ്യൂട്ടറുകളുടെ എണ്ണത്തിനനുസൃതമായി |

### <u>യു. പി .എസ്</u>

ഡി..ജി..എസ്&ഡി റേറ്റ് കോൺട്രാക്റ്റ് പ്രകാരം ലഭ്യമായ യു.പി.എസ്. തദ്ദേശസ്ഥാപനങ്ങൾക്കായി നിശ്ചയിച്ച സെപ്സിഫിക്കേഷൻ പ്രകാരമുള്ളതല്ലാത്തതിനാൽ കെൽട്രോണിൽ നിന്നോ തദ്ദേശസ്ഥാപനങ്ങൾ പ്രത്യേകമായി ടെണ്ടർ വിളിച്ചോ, താഴെ പറയുന്ന പ്രകാരമുള്ള സ്പെസിഫിക്കേഷനോടു കൂടിയ യു.പി.എസ് വാങ്ങാവുന്നതാണ്.

2 kVA line interactive UPS
Sine wave output with less than 5% total harmonic distortion for normal computer load, when mains is available or on batteries
Basic monitoring, shutdown etc over serial interface
4 hours backup duration at full load
Exide/ Standard/ or equivalent make tubular lead acid batteries with stand
SNMP network card for reboot, shutdown and basic diagnostics of the UPS should be possible by adding suitable hardware (as optional item)
Input voltage range should support normal operating voltage ranges in Kerala
Test certificate from laboratories such as ERTL
Installation and commissioning at site
3 year warranty for UPS and battery

**2. കമ്പ്യൂട്ടർവൽക്കരണത്തിനുള്ള സ്റ്റാൻഡേർഡ് സോഫ്റ്റ് വേയർ**

സർക്കാർ നിർദ്ദേശ പ്രകാരമുള്ള ആവശ്യമായ സ്റ്റാൻഡേർഡ് സോഫ്റ്റ്‌വെയർ ഐ.കെ..എം . ലഭ്യമാക്കുന്നതാണ് ഇതിനാവശ്യമായ തുക താഴെ പറയും പ്രകാരം (രണ്ട് ക്ലയിന്റ് കമ്പ്യൂട്ടർ വാങ്ങുകയാണെങ്കിൽ) ഐ. കെ.എം –ന് നൽകേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് നിരക്ക് | ആകെ |
|---|---|---|---|---|
| 1. | എം.എസ്. ഓഫീസ് | 2 | 8,203.00 | 16,406.00 |
| 2. | വിൻഡോസ് സെർവർ ക്ലയിന്റ് അക്സസ് ലൈൻസ് | 2 | 1,049.00 | 2,098.00 |
| 3. | എസ്.ക്യൂ.എൽ ക്ലയിന്റ് അക്സസ് ലൈസൻസ് | 2 | 5,344.00 | 10,688.00 |
| 4. | ഇ–ട്രസ്റ്റ് ആന്റി വൈറസ് | 2 | 1,052.00 | 2,104.00 |
| 5. | പ്രൊക്യൂർമെന്റ് ചാർജ് | 1 | 5 % | 1,565.00 |
| 6. | സിസ്റ്റം ഇന്റഗ്രേഷൻ ചാർജ് | 1 | 5 % | 3,805.00 |
| | | | **ആകെ** | **36,666.00** |

സർക്കുലർ 119/DP1/2007/LSGD Dtd: 13/1/2007 പ്രകാരം ഈ പഞ്ചായത്തുകളിൽ ഐ.കെ.എം. സെർവർ കമ്പ്യൂട്ടറും അതിനാവശ്യമായ സോഫ്റ്റ്‌വെയറും ലഭ്യമാക്കിയിട്ടുണ്ട്. അധികമായി വേണ്ട കമ്പ്യൂട്ടറുകൾ ഭാഗം ഒന്നിൽ പറഞ്ഞപ്രകാരം വാങ്ങാവുന്നതാണ്. അതിനാവശ്യമായ സോഫ്റ്റ്‌വെയറുകളാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. അധികമായി കമ്പ്യൂട്ടർ വാങ്ങുന്നുണ്ടെങ്കിൽ മാത്രമേ സോഫ്റ്റ്‌വെയറിന്റെ തുക അടക്കേണ്ടതുള്ളൂ.